(സി) നിലവിലെ സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്തി കരിമ്പന തോട് വൃത്തിയാക്കി ഉപയോഗയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

4-11-2020-ലെ സ.ഉ.(കൈ) നമ്പർ 170/2020/ത.സ്വ.ഭ സർക്കാർ ഉത്തരവുപ്രകാരം വടകര മുനിസിപ്പാലിറ്റിയിലെ വാർഡ് 26-ൽ കരിമ്പനത്തോട് വലിയകൈയ്യിൽ പാലം മുതൽ കുട്ടിയാമി ചീർപ്പ് വരെ കെട്ടി സംരക്ഷിക്കുന്നതിന് 150 ലക്ഷം രൂപയുടെ ഭരണാനുമതി റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പെടുത്തി വടകര മുനിസിപ്പാലിറ്റിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പുതിയ പദ്ധതികൾ ആവശ്യമായി വരുന്നപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

കുറ്റ്യാടി ജലസേചന പദ്ധതി

106(611) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതിയിലെ ബ്രാഞ്ച് കനാലുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയത്ത് നടക്കാത്തതുമൂലം കനാലുകൾ പലയിടങ്ങളിലും പൊട്ടിപ്പൊളിഞ്ഞത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി നാളിതുവരെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉണ്ട്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാൽ അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായി വർഷാവർഷങ്ങളിൽ ബഡ്ജറ്റിൽ പ്ലാൻ, നോൺപ്ലാൻ ശീർഷകങ്ങളിൽ വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി എല്ലാവർഷവും മുൻഗണന അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടത്തുന്നു. 2018-ലെ പ്രളയത്തിൽ തകർന്ന ഭാഗങ്ങൾ നവീകരിക്കുന്നതിനായി SDRF പദ്ധതിയിൽ ഉൾപ്പെടുത്തി 139 പ്രവൃത്തികൾക്ക് 1943.12 ലക്ഷം രൂപയും സ്ലൂക്ചറുകളുടെ നവീകരണത്തിനായി RKI-യിൽ ഉൾപ്പെടുത്തി 200 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു

(ബി) കനാലിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും കനാൽ വൃത്തിയാക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

&

(സി) ഏതെങ്കിലും സർക്കാർ പദ്ധതികളിലുൾപ്പെടുത്തി കനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ പ്ലാൻ, നോൺപ്ലാൻ ശീർഷകങ്ങളിൽ വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി കനാലിന്റെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നുണ്ട്. എല്ലാവർഷവും ജലവിതരണത്തിന് മുന്നോടിയായി MGNREGS മുഖേന കനാലുകളിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നുണ്ട്.

തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണം

107(612) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നവീകരണത്തിനാവശ്യമായ തുക അനുവദിച്ച, തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ കുണ്ടൂർ തോടിന്റെ നിർമ്മാണ പുരോഗതിയും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച നടപടികളും വ്യക്തമാക്കുമോ?

23-4-2018-ലെ സ.ഉ(സാധ)നമ്പർ 300/2018/ ജവിവ ഉത്തരവ് പ്രകാരം കുണ്ടൂർത്തോട് നവീകരണം എന്ന പ്രവൃത്തി കെ.ഐ.ഐ.ഡി.സി.(KIIDC)-യെ ഏല്പിച്ച് ഉത്തരവ് നൽകിയിരുന്നു. എന്നാൽ ആയക്കെട്ട് വിശദാംശങ്ങൾ, മണ്ണിന്റെ മൂല്യനിർണ്ണയ റിപ്പോർട്ട്, മണ്ണ് നീക്കം ചെയ്യൽ പഠനം എന്നിവയുടെ അഭാവംമൂലം ഡി.പി.ആർ. തയ്യാറാക്കുന്നതിന് കാലതാമസം നേരിട്ടു. കിഫ്ബിയുടെ പുതുക്കിയ മാനദണ്ഡങ്ങൾ അനുസരിച്ച് ഒരു വർഷത്തിനുള്ളിൽ ഭരണവകുപ്പിൽനിന്നും അനുമതി നേടിയിരിക്കണം. അതിൻപ്രകാരം കെ.ഐ.ഐ.ഡി.സി. (KIIDC) ആവശ്യമായ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് ഡി.പി.ആർ. തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയും സ.ഉ.(സാധ)നമ്പർ 16/2021/WRD പ്രകാരം 6-1-2021-ൽ അംഗീകാരം നൽകുകയും ചെയ്തു. അതനുസരിച്ച് 30-1-2021-ൽ ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചാൽ ഉടൻ തുടർനടപടി സ്വീകരിക്കുന്നതാണ്.

കടലുണ്ടിപുഴയ്ക്ക് കുറുകെ തടയണ നിർമ്മിക്കൽ

108(613) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്മൽ കടവിന് സമീപം കടലുണ്ടി പുഴയ്ക്ക് കുറുകെ തടയണ നിർമ്മിക്കുന്നതിന് ആരംഭിച്ച പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly